**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 267 18/06/2019-ൽ മറുപടിയ്ക്ക്

## ഓട്ടിസം ബാധിതരായ കുട്ടികളുടെ വിദ്യാഭ്യാസം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.പി.വി. അൻവർ**<br>**ശ്രീ. ബി.സത്യൻ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) ഓട്ടിസം ബാധിതരായ കുട്ടികളുടെ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനുമായി ഓട്ടിസം പാർക്ക് രൂപീകരിച്ചിട്ടുണ്ടോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ഓട്ടിസം പാർക്ക് നിർമ്മിക്കുന്നത് പരിഗണനയിലാണ്. ആയതിന്റെ ഒന്നാം ഘട്ടമായി തെരഞ്ഞെടുത്ത 8 സ്കൂളുകളിൽ ഓട്ടിസം പാർക്ക് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) ഇത്തരം കുട്ടികളുടെ സാമൂഹിക പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ആശയ വിനിമയം സുഗമമാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഓട്ടിസം പാർക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) സ്പെഷ്യൽ വിദ്യാഭ്യാസം, ഫിസിയോ തെറാപ്പി, സ്പീച്ച് & ലാംഗേജ് തെറാപ്പി, പരിഹാരബോധനം, സ്വഭാവ രൂപീകരണം, ഭിന്നശേഷി പരിശീലനം, കോഗ്നിറ്റീവ് ബിഹേവിയർ മാനേജ്മെന്റ് കുട്ടികളുടെ മാതാപിതാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക പരിശീലന പരിപാടി എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് |
| (സി) പഠന പ്രക്രിയയിൽ ഈ കുട്ടികളെ നല്ലരീതിയിൽ പങ്കെടുപ്പിക്കുന്നതിന് അധ്യാപകർക്ക് വേണ്ട പരിശീലനം നൽകാനും മാതാപിതാക്കൾക്ക് ആവശ്യമായ ബോധവൽക്കരണം ലഭ്യമാക്കാനും എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) പ്രത്യേകം പരിശീലനം സിദ്ധിച്ച റിസോഴ്സ് അധ്യാപകരെ നിയമിച്ച് അവർക്ക് പ്രത്യേകം ചുമതലകൾ നൽകുവാനും അതോടൊപ്പം ഭിന്നശേഷി കുട്ടികളുടെ മാതാപിതാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേക പരിശീലന ക്ലാസ്സുകൾ നടത്തുവാനുമുള്ള നടപടികളാണ് സ്വീകരിക്കുന്നത്. |

Reena

സെക്ഷൻ ഓഫീസർ